ഉത്തരം

(എ) ഉണ്ട്

(ബി) പര്യാപ്തമല്ല

(സി) ഉണ്ട്.

(ഡി) ചുരുക്കം ചില സന്ദർഭങ്ങളിൽ അച്ചടി ജോലി നിർവഹിക്കാൻ കഴിയാതെ വരുന്നുണ്ട്. എന്നാൽ അച്ചടി വകുപ്പിൽ നിന്നും നേരിട്ട് അച്ചടി ജോലികൾ പൊതുമേഖലാ സ്ഥാപനങ്ങൾക്കും സ്വകാര്യ മേഖലാ സ്ഥാപനങ്ങൾക്കും നൽകാറില്ല.

128 (652) കോഴിക്കോട് ഗവൺമെന്റ് പ്രസ്സിലെ വയറിംഗ് ജോലികൾ

ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ഗവൺമെന്റ് പ്രസ്സിന്റെ പുതിയ കെട്ടിടത്തിലെ വയറിംഗ് ജോലികൾ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനാവശ്യമായ ഫണ്ട് അനുവദിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്

(ബി) വയറിംഗ് ജോലികൾക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

മി.സ്പീക്കർ : ശ്രദ്ധ ക്ഷണിക്കൽ .... ശ്രീ.പാലോട് രവി

[9.30 A.M.] (ബഹുമാനപ്പെട്ട സ്പീക്കർ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നതിനായി ശ്രീ.പാലോട് രവിയെ ക്ഷണിച്ചുവെങ്കിലും അദ്ദേഹം സംസാരിക്കാനായി എഴുന്നേല്ക്കുന്നതിന് മുമ്പ് തന്നെ ബഹു.പ്രതിപക്ഷനേതാവ് സംസാരിക്കാനായി എഴുന്നേറ്റു.

ശ്രീ. എ.സി ഷൺമുഖദാസ് : സർ, പോയിന്റ് ഓഫ് ഓർഡർ (ബഹളം)..... (ബഹളം).....

മി. സ്പീക്കർ : പോയിന്റ് ഓഫ് ഓർഡറിനു പ്രതിപക്ഷ നേതാവ് പറഞ്ഞു കഴിഞ്ഞിട്ടു സമയം തരാം. (ബഹളം).....(ബഹളം)....

ശ്രീ. എ.സി. ഷൺമുഖദാസ്, അദ്ദേഹം പറയട്ടെ, പ്രതിപക്ഷനേതാവ് പറഞ്ഞുകഴിഞ്ഞതിനുശേഷം എ.സി ഷൺമുഖദാസിന് സമയം തരാം

പ്രതിപക്ഷനേതാവ് (ശ്രീ. എ.കെ. ആന്റണി) : സർ, ആൾ ഇൻഡ്യാ സ്റ്റുഡന്റ് ഫെഡറേഷൻ ഉൾപ്പെടെയുള്ള ഭരണകക്ഷി വിദ്യാർത്ഥി സംഘടനകൾവരെ ഈ വർഷത്തെ പ്ലസ് ടു അനുവദിച്ചതിൽ അഴിമതിയും ക്രമക്കേടും ഉണ്ടെന്നു പറഞ്ഞു സമരം ചെയ്ത സാഹചര്യത്തിലെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഞങ്ങൾ നേരത്തെ മുന്നോട്ടു വച്ച

LIBRARY ARCHIVES Kerala Legislative Assembly

ആവശ്യത്തെക്കുറിച്ച് എന്തെങ്കിലും പുനരാലോചനയുണ്ടോയെന്ന് അറിയാൻ താൽപര്യമുണ്ട്.

മുഖ്യമന്ത്രിയ്ക്കുവേണ്ടി, ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) : സർ, മുഖ്യമന്ത്രി ഇതിനു എത്ര യോ ദിവസം മുൻപ് മറുപടി പറഞ്ഞു കഴിഞ്ഞു. ആ മറുപടിയല്ലാതെ പുതിയ തായി ഒന്നും പറയാനില്ല

മി. സ്പീക്കർ : ശ്രീ. എ.സി. ഷൺമുഖദാസ് .....(ബഹളം).... ..

(ബഹളം).... (ബഹളം).....(ബഹളം)....

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ചു പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ട് സഭയുടെ നടുത്തളത്തിലിറങ്ങി തുടർന്നുള്ള സഭാ നടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

ശ്രീ. എ.സി ഷൺമുഖദാസ് : സർ, എന്റെ പോയിന്റ് ഓഫ് ഓർഡർ, ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർക്ക് (ബഹളം).....(ബഹളം).....(ബഹളം) .....(ബഹളം).....

മി. സ്പീക്കർ : പ്ലീസ്....പ്ലീസ്...പ്ലീസ്. ശ്രീ. പാലോടു രവി, അദ്ദേഹം ഇല്ല, ഇന്ന് വെള്ളിയാഴ്ചയാണ്.പ്രൈവറ്റ് മെംബേഴ്സ് ബിസിനസ് ആണ് ഇന്ന്. No other business. Only private Member's business ചെയറിനു സഭ ഈ വിധത്തിൽ തുടർന്നുകൊണ്ടുപോകുവാൻ വിഷമമാണ്.... പ്രൈവറ്റ് മെമ്പേഴ്സ് ബിസിനസ് അല്ലാതെ മറ്റ് ബിസിനസ് ഒന്നും ഇന്ന് സഭയുടെ മുൻപാകെ ഇല്ല. ഒരു കാര്യം മാത്രം ചെയർ ഇവിടെ നിങ്ങളുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്ര ഹിക്കുന്നു. നമുക്ക് നിയമസഭയുടെ ദിവസങ്ങൾ ഓരോന്നായി നഷ്ടപ്പെട്ടു കൊണ്ടിരിക്കുകയാണ്. നിയമസഭയെ സംബന്ധിച്ച് അതൊരു തീരാ നഷ്ട മാണ്. അതുകൊണ്ട് എല്ലാപേരും ഒരുമിച്ച് ആലോചിച്ച് ഇതിനൊരു പരി ഹാരം കാണാൻ ശ്രമിക്കണമെന്നാണ് ചെയറിനു വയ്ക്കാനുള്ള അപേക്ഷ. കേട്ടല്ലോ, അതു മാത്രമേ ചെയറിനു പറയാനുള്ളു. അതു മാത്രമല്ല വാച്ച് ആന്റ് വാർഡിന്റെ സംരക്ഷണയിൽ ചെയറിനു ഈ കസേരയിൽ ഇരിക്കാനും വിഷമമുണ്ട്. അതുകൊണ്ട് സഭാ നടപടികൾ അവസാനിപ്പിക്കുന്നു.

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2000 ജൂൺ മാസം 26 ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് സമ്മേ ളിക്കുന്നതിനായി സഭ രാവിലെ 9.37 ന് പിരിഞ്ഞു)

അനുബന്ധം I

23-6-2000 ത്തിലെ നക്ഷത്ര ചിഹ്നമില്ലാത്ത ചോദ്യം നമ്പർ 4 (528) ദയവായി കാണുക

	ജില്ല	വിസ്തീർണ്ണം	
1)	തിരുവനന്തപുരം ജില്ല കഴക്കൂട്ടം, മേനംകുളം വില്ലേജ്	81,9883 ഏക്കർ	94.0983
2)	തിരുവനന്തപുരം ജില്ല നെടുമങ്ങാട് താലൂക്ക് അരുവിക്കര വില്ലേജ്	12.11 ഏക്കർ	
3)	എറണാകുളം ജില്ല കണയന്നൂർ		

LIBRARY ARCHIVES Kerala Legislative Assembly